## പതിമൂന്നാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.513 — 04/07/2013 ൽ മറുപടിക്ക്

### കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി

**ചോദ്യം**

ശ്രീ. എളമരം കരീം
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. കെ. നാരായണൻ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതി ലക്ഷ്യം നേടിയോ ; വിശദാംശം നൽകാമോ ; | (എ) | സംസ്ഥാനത്താകമാനം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ 35 സർക്കാർ ആശുപത്രികളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ തുടങ്ങാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതുവരെ 8 ആശുപത്രികളിൽ മാത്രമേ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുള്ളു. നിലവിൽ സംസ്ഥാനത്തെ താഴെപറയുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിക്കുന്നുണ്ട്.<br>1. മെഡിക്കൽ കോളേജ്, തിരുവനന്തപുരം<br>2. മെഡിക്കൽ കോളേജ്, ആലപ്പുഴ<br>3. മെഡിക്കൽ കോളേജ്, കോട്ടയം<br>4. മെഡിക്കൽ കോളേജ്, തൃശ്ശൂർ<br>5. മെഡിക്കൽ കോളേജ്, കോഴിക്കോട്<br>6. സി.എച്ച്.സി. കല്ലറ, തിരുവനന്തപുരം<br>7. ജില്ലാ ആശുപത്രി, കണ്ണൂര്<br>8. താലൂക്ക് ആശുപത്രി, ഹരിപ്പാട്, ആലപ്പുഴ<br>സംസ്ഥാനത്ത് ആരംഭിച്ച കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖാന്തിരം ജനങ്ങൾക്ക് ഏറ്റവും വിലക്കുറവിൽ കാൻസർ, വൃക്കരോഗം , ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾക്കുള്ള ബ്രാൻഡഡ് മരുന്നുകൾ 93 ശതമാനം വരെ വിലക്കുറവിൽ ലഭ്യമാക്കുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലാണ് സംസ്ഥാനത്തെ ആദ്യ കാരുണ്യ |

| | | | |
|---|---|---|---|
| | | | കമ്മ്യൂണിറ്റി ഫാർമസി ആരംഭിച്ചത്. ഇവിടത്തെ പ്രതിദിന വില്പന 10 ലക്ഷം രൂപ കവിഞ്ഞു. ഇതു സൂചിപ്പിക്കുന്നത് ജനങ്ങൾക്ക് ഈ പദ്ധതി ഏറെ പ്രയോജനകരമാണ് എന്നതാണ്. |
| (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഈ പദ്ധതി നടപ്പാക്കുന്നതിനായി ആവശ്യപ്പെട്ട തുകയും സർക്കാർ അനുവദിച്ച തുകയും വ്യക്തമാക്കുമോ ; ഈ തുക കൊണ്ട് പദ്ധതി വിജയകരമായി നടത്താനാകുമോ ; | (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 250 കോടി രൂപ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. (അതായത് ആദ്യത്തെ വർഷത്തേയ്ക്ക് 56 കോടി രൂപയും, രണ്ടാമത്തെ വർഷത്തേയ്ക്ക് 194 കോടി രൂപയും) എന്നാൽ ഈ തുക റിവൈസ് ചെയ്യണമെന്ന് ആവശ്യപ്പെട്ടതിനെത്തുടർന്ന് ആദ്യത്തെ വർഷത്തേയ്ക്ക് 23.6 കോടി രൂപയും രണ്ടാമത്തെ വർഷത്തേയ്ക്ക് 57 കോടി രൂപയും ആവശ്യപ്പെടുകയുണ്ടായി. കോർപ്പറേഷൻ ആവശ്യപ്പെട്ട തുക പദ്ധതി നടത്തിപ്പിന് പര്യാപ്തമാണ്. ഇതിൽ 23.6 കോടി രൂപ അനുവദിച്ച നൽകിയിട്ടുണ്ട്. |
| (സി) | പേരിനു മാത്രം പദ്ധതി നടപ്പാക്കിയതിനാൽ മരുന്നുകളുടെ മാർക്കറ്റ് വില നിയന്ത്രിക്കുന്നതിൽ ഈ പദ്ധതി വിജയിച്ചില്ലെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ ; കേരളത്തിൽ കഴിഞ്ഞ വർഷം വിറ്റഴിച്ചതിൽ എത്ര ശതമാനം മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി വിറ്റഴിച്ചുവെന്ന് അറിയിക്കാമോ ? | (സി) | കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിച്ച ആശുപത്രികളിലെല്ലാം വളരെ നല്ല രീതിയിൽ മുന്നോട്ടു പോവുകയാണ്. പ്രസ്തുത ഫാർമസിയിൽ നിന്നും വളരെ വിലക്കുറവിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനാൽ പൊതുജനങ്ങളിൽ നിന്നും വളരെ നല്ല പ്രതികരണമാണ് ലഭ്യമാകുന്നത്. പ്രതിമാസം ഒരു ലക്ഷത്തോളം പേർ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിൽ നിന്നും മരുന്ന് വാങ്ങുന്നുണ്ട്. നിലവിൽ എട്ട് സ്ഥലങ്ങളിൽ മാത്രമാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിച്ചിട്ടുള്ളത്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന ഹോൾസെയിൽ ആയി ഇതേവരെ 8.36 കോടി (എട്ടു കോടി മുപ്പത്തിയാറു ലക്ഷം മാത്രം) രൂപയുടെ മരുന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ